LIBRARY ARCHIVES Kerala Legislative Assembly

കൊരട്ടി ഇൻഫോപാർക്കിന്റെ മൂന്നാംഘട്ട വികസനം

184(2173) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ മൂന്നാംഘട്ട വികസന പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) നിർമ്മാണം എന്നേക്ക് പൂർത്തീയാകുമെന്നും പുതിയ കമ്പനികളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കൊരട്ടി ഇൻഫോപാർക്കിൽ ആദ്യഘട്ടമായി കാണക്കാക്കപ്പെടുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കി പണിതൊരുക്കിയ 52000 ച. അടി. വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഐ.ടി. കമ്പനികൾ പ്രവർത്തിച്ചുവരുന്നു. നിർമ്മാണത്തിലിരിക്കുന്ന 3.3 ലക്ഷം ച.അടി. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 2015 ഡിസംബറോടെ പൂർത്തിയാക്കി ഐ.ടി. കമ്പനികൾക്കായി തുറന്ന് കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പതിനായിരം സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്ബറി പൈ കമ്പ്യൂട്ടറുകൾ നൽകുന്ന പദ്ധതി

185(2174) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനായിരം സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്ബറി പൈ കമ്പ്യൂട്ടറുകൾ നൽകുന്നതിനായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ;

(സി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുകയുണ്ടായി ;

(ഡി) ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയുണ്ടായോ ;

(ഇ) എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചുവെന്നും ഓരോ ജില്ലയിൽനിന്നും എത്ര വിദ്യാർത്ഥികളെ വീതം തെരഞ്ഞെടുത്തുവെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ?